**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **12-09-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ- കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിലേക്ക് നീട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ആർ.സി.സി, ശ്രീചിത്ര എന്നീ ആശുപത്രികളിലേക്ക് പോകുന്ന ക്യാൻസർ രോഗികൾ ഉൾപ്പെടെയുള്ളവരുടെ യാത്രാ ക്ലേശങ്ങൾ പരിഹരിക്കുന്നതിന് നിലമ്പൂർ- കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിലേക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സതേൺ റെയിൽവേ ജനറൽ മാനേജർ ഉൾപ്പെടെയുള്ള ഉന്നതാധികാരികളുമായി നടത്തിയ ചർച്ചയിൽ രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡ് കാലത്ത് നിലമ്പൂർ - ഷൊർണ്ണൂർ പാതയിൽ സർവ്വീസ് നടത്തിയിരുന്ന പാസഞ്ചർ ട്രെയിനുകളെല്ലാം സ്പെഷ്യൽ എക്സ്പ്രസ്സുകളായപ്പോൾ ഉണ്ടായ നിരക്ക് വർദ്ധന പിൻവലിക്കുന്നതിനും ട്രെയിനുകളുടെ സമയമാറ്റത്തിലുണ്ടായ വ്യത്യാസം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ട്രെയിൻ യാത്ര നിരക്ക് നിർണ്ണയം ഒരു നയപരമായ കാര്യമാണ്. കേന്ദ്ര റെയിൽവേ മന്ത്രാലയമാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. പൊതുജന ആവശ്യവും പ്രവർത്തന സൗകര്യവും കണക്കിലെടുത്താണ് ട്രെയിനിന്റെ സമയക്രമം തീരുമാനിക്കുന്നത്. അടുത്ത റെയിൽവേ ടൈടേബിൾ നിശ്ചയിക്കുന്ന പ്രക്രിയയിൽ അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതുമാണെന്ന് റെയിൽവേ അറിയിക്കുന്നു. |
| (സി) | നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപാതയിലെ തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനായി ഉയർത്തുക, പ്ലാറ്റ്ഫോമിന്റെ നീളം കൂട്ടുക, ആവശ്യമായ ഷെൽട്ടറുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കുമോ; | (സി) | നിലവിൽ തുറവൂർ റെയിൽവേ സ്റ്റേഷനെ ക്രോസ്സിംഗ് സ്റ്റേഷനാക്കി ഉയർത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ തുറവൂർ റെയിൽവേ സ്റ്റേഷന് 6.3 കിമീ മാത്രം അകലെയുള്ള മേലാറ്റൂർ റെയിൽവേ സ്റ്റേഷൻ, പൊതുജനങ്ങൾക്കാവശ്യവും പ്രവർത്തന |

| | | | |
|---|---|---|---|
| | | | സൗകര്യവും കണക്കിലെടുത്ത്, ക്രോസ്സിംഗ് സ്റ്റേഷനാക്കി മാറ്റുന്ന കാര്യം പരിഗണനയിലാണ്. തുറവൂർ റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ് ഫോം നമ്പർ ഒന്നിൽ നാല് പ്ലാറ്റ് ഫോം ഷെർട്ടറുകൾ നിർമ്മിക്കുന്ന പണി പുരോഗമിക്കുകയാണ് എന്ന് റെയിൽവേ അറിയിക്കുന്നു. |
| (ഡി) | വാണിയമ്പലം റെയിൽവേ സ്റ്റേഷനിലെ ഒന്നാം പ്ലാറ്റ്ഫോമിന്റെ നീളം കൂട്ടണമെന്നും പ്രസ്തുത സ്റ്റേഷനിൽ ആവശ്യമായ ഷെൽട്ടറുകൾ അനുവദിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ഒന്നാം പ്ലാറ്റ് ഫോമിന്റെ നീളം കൂട്ടുന്ന പണികൾക്കുള്ള ടെണ്ടർ നൽകി കഴിഞ്ഞിട്ടുണ്ട്. പ്ലാറ്റ് ഫോം ഷെർട്ടറുകൾ സ്ഥാപിക്കുന്ന കാര്യവും ആലോചിക്കുകയാണ് എന്ന് റെയിൽവേ അറിയിക്കുന്നു. |
| (ഇ) | രാവിലെ 5.30 ന് നിലമ്പൂരിൽ നിന്ന് ആരംഭിക്കുന്ന നിലമ്പൂർ-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ എറണാകുളത്തേക്ക് നീട്ടുന്നതിനും പ്രസ്തുത ട്രെയിൻ വൈകിട്ട് എറണാകുളത്തു നിന്ന് നിലമ്പൂരിലേക്ക് സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ നിലമ്പൂർ-ഷൊർണ്ണൂർ, ഷൊർണ്ണൂർ-കോയമ്പത്തൂർ സർവ്വീസ് നടത്തികൊണ്ടിരിക്കുന്ന ട്രെയിൻ, നിലമ്പൂർ-കോയമ്പത്തൂർ ഒറ്റ സർവ്വീസായി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; | (ഇ) | ട്രെയിൻ സർവീസ് നമ്പർ 06470 നിലമ്പൂർ റോഡ്-ഷൊർണൂർ ജംഗ്ഷൻ എക്സ്പ്രസ് സ്പെഷൽ എറണാകുളത്തേക്ക് നീട്ടുന്നത് സംബന്ധിച്ച വിഷയത്തിൽ ഷൊർണൂർ-എറണാകുളം ജംഗ്ഷൻ സെക്ഷനിൽ പാതയിലുള്ള പരിമിതികൾ പരിഗണിക്കേണ്ടതായി വരും. ഈ ട്രെയിനിന്റെ സർവീസ് എറണാകുളം ജംഗ്ഷൻ വരെ നീട്ടുന്നതിന് സ്പെയർ റേക്ക് ലഭ്യമല്ല. നിലമ്പൂർ റോഡിൽ നിന്ന് ഷൊർണൂരിൽ എത്തുമ്പോൾ ട്രെയിനിന്റെ റേക്ക് പ്രാഥമിക അറ്റകുറ്റപ്പണികൾക്കായി പിറ്റ് ലൈനിൽ സ്ഥാപിച്ചിട്ടുണ്ട്, ഇത് പൂർത്തിയാക്കാൻ കുറഞ്ഞത് ആറ് മണിക്കൂർ എടുക്കും. അറ്റകുറ്റപ്പണികൾക്ക് ശേഷം ഈ റേക്ക് ട്രെയിൻ നമ്പർ 06473 (ഷൊർണൂർ ജംഗ്ഷൻ- നിലമ്പൂർ റോഡ് എക്സ്പ്രസ് സ്പെഷൽ) ആയി ഷൊർണൂരിൽ നിന്ന് 17.55 ന് പുറപ്പെടും. അതിനാൽ ട്രെയിൻ നമ്പർ 06470 നിലമ്പൂർ റോഡ്-ഷൊർണൂർ ജംഗ്ഷൻ എക്സ്പ്രസ് സ്പെഷൽ എറണാകുളത്തേക്ക് നീട്ടുന്നത് നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന് റെയിൽവേ അറിയിക്കുന്നു.<br><br>കൂടാതെ, ട്രെയിൻ നമ്പർ 06466 നിലമ്പൂർ റോഡ്-ഷൊറണൂർ ജംഗ്ഷൻ എക്സ്പ്രസ് ട്രെയിൻ നമ്പർ 16349/16350 കൊച്ചുവേളി - നിലമ്പൂർ റോഡ് - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് ട്രെയിനിന്റെ റേക്ക് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ട്രെയിൻ നമ്പർ 06466 ഷൊർണൂർ ജംഗ്ഷനിൽ എത്തുമ്പോൾ അതിന്റെ റേക്ക് ഷൊർണൂർ ജംഗ്ഷനിൽ നിന്ന് 09.00 മണിക്ക് പുറപ്പെടുന്ന 06467 ഷൊർണൂർ ജംഗ്ഷൻ-നിലമ്പൂർ റോഡ് എക്സ്പ്രസ് സ്പെഷൽ ട്രെയിൻ ഓടിക്കാൻ ഉപയോഗിക്കുന്നു. ആയതിനാൽ നിലമ്പൂർ റോഡിൽ നിന്ന് കോയമ്പത്തൂരിലേക്ക് നേരിട്ട് ട്രെയിൻ |

| | | | |
|---|---|---|---|
| | | | ഓടിക്കാൻ സ്പെയർ റേക്ക് ലഭ്യമല്ല എന്നും റെയിൽവേ അറിയിക്കുന്നു. |
| (എഫ്) | നിലമ്പൂർ-ഷൊർണ്ണൂർ റെയിൽ പാതയിൽ സർവ്വീസ് നടത്തികൊണ്ടിരിക്കുന്ന ട്രെയിനുകൾ ഷൊർണ്ണൂർ സ്റ്റേഷനിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന ജനശതാബ്ദി ഉൾപ്പെടെയുള്ള ദീർഘദൂര ട്രെയിനുകളിലേക്ക് കണക്ഷൻ കിട്ടുന്ന രീതിയിൽ സമയക്രമം മാറ്റുന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ; | (എഫ്) | അടുത്ത റെയിൽവേ ടൈടേബിൾ തയ്യാറാക്കുന്ന പ്രക്രീയയിൽ ഇക്കാര്യം പരിഗണിക്കാവുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ജി) | വന്ദേഭാരത് എക്സ്പ്രസ്സിന് മലപ്പുറം ജില്ലയിലെ തിരൂരിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ജി) | തിരൂരും തിരുവല്ലയും വന്ദേഭാരത് എക്സ്പ്രസ്സിന് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് ബഹു. മുഖ്യമന്ത്രി കത്തയച്ചിരുന്നു. ഇതിനു ലഭിച്ച മറുപടിയിൽ യാത്രക്കാർക്ക് സാധ്യമായ ഏറ്റവും മികച്ച വേഗതയും റൺ-ടൈമും നൽകുന്നതിനായി നിലവിൽ ഏഴ് സ്റ്റോപ്പുകളോടെ ഒപ്റ്റിമൈസ് ചെയ്തിരിക്കുകയാണ് എന്നും അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് യാത്രക്കാർക്ക് അസൗകര്യമുണ്ടാക്കുമെന്നും റെയിൽവേ അറിയിക്കുന്നു. ഇക്കാരണങ്ങളാൽ വന്ദേഭാരത് എക്സ്പ്രസ്സിന് മലപ്പുറം ജില്ലയിലെ തിരൂരിൽ സ്റ്റോപ്പ് അനുവദിക്കാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ